"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ചുനങ്ങാട് എം എസ്സ് വി എം യു പി. സ്കൂളിലെ 2019-20 തസ്തികനിർണ്ണയത്തിന്മേൽ സൂപ്പർ ചെക്ക് പരിശോധനയിൽ കണ്ടെത്തിയ ബോഗസ് അഡ്മിഷൻ ഒഴിവാക്കി പൊതു വിദ്യാഭ്യാസ ഡയറക്ടർ തസ്തിക പുനർനിർണ്ണയം നടത്തിയതിനെതിരെ ടി സ്കൂൾ പ്രധാനാദ്ധ്യാപിക സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.1201/2022/GEDN തീയതി,തിരുവനന്തപുരം, 02-03-2022

പരാമർശം:-

1. പാലക്കാട് ചുനങ്ങാട് എം എസ്സ് വി എം യു പി. സ്കൂൾ പ്രധാനാദ്ധ്യാപികയുടെ 09/10/2021 തീയതിയിലെ കത്തും ആയതിനോടൊപ്പം സമർപ്പിച്ച ടി സ്കൂൾ മാനേജരുടെ പുന പരിശോധനാ ഹർജിയും.
2. കോഴിക്കോട് സൂപ്പർ ചെക്ക് സെൽ ഓഫീസറുടെ 17/01/2021-ലെ എസ്സ് സി /54/2020-കെ.കെ.ഡി നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ചുനങ്ങാട് എം. എസ്. വി. എം. യു. പി സ്കൂളിൽ 2019-20 തസ്തികനിർണ്ണയത്തിന്മേൽ സൂപ്പർ ചെക്ക് പരിശോധനയിൽ കണ്ടെത്തിയ ബോഗസ് അഡ്മിഷൻ ഒഴിവാക്കി പൊതുവിദ്യാഭ്യാസ ഡയറക്ടർ തസ്തിക പുനർനിർണ്ണയം നടത്തിയതിനെതിരെ ടി പ്രധാനാദ്ധ്യാപിക പരാമർശം1 പ്രകാരം സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി റിപ്പോർട്ടിനായി പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് കൈമാറുകയും ആയതിന് കോഴിക്കോട് സൂപ്പർ ചെക്ക് സെൽ ഓഫീസർ വഴി പരാമർശം 2 പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

2. ടി റിപ്പോർട്ട് പരിശോധിച്ചതിൽ,

ടി സ്കൂളിൽ 2019-20 വർഷത്തിൽ പുതുതായി 4 ഡിവിഷനുകളും അനുബന്ധ തസ്തികകളും അനുവദിച്ചതിനാൽ പുതുതായുണ്ടാക്കിയ ഡിവിഷനുകളും തസ്തികയും അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് പരിശോധിക്കാൻ 18/1/19-ന് സൂപ്പർ ചെക്ക് സെൽ സന്ദർശനം നടത്തുകയുണ്ടായെന്നും ടി സന്ദർശന വേളയിൽ 53 വിദ്യാർത്ഥികൾ ഹാജരില്ലായിരുന്നെന്നും പരിശോധനയിൽ ഹാജരില്ലാത്ത 53 വിദ്യാർത്ഥികളുടെ സാന്നിധ്യം പരിശോധിക്കുന്നതിനായി 11/2/2020-ന് സൂപ്പർ ചെക്ക്സെൽ വീണ്ടും സ്കൂളിൽ സന്ദർശനം നടത്തുകയുണ്ടായെന്നും പരിശോധനയിൽ ആറാമത്തെ പ്രവൃത്തി ദിവസത്തിനു ശേഷം 6 വിദ്യാർത്ഥികളെ റോളിൽ നിന്നും നീക്കം ചെയ്തതായി കണ്ടെത്തിയെന്നും അതോടൊപ്പം സൂപ്പർ ചെക്ക് സെല്ലിന്റെ രണ്ട് സന്ദർശനങ്ങളിലും 4 വിദ്യാർത്ഥികൾ ഹാജരില്ലായിരുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി കണ്ടെത്തലിനെ തുടർന്ന് ആയതിന്മേലുള്ള അപ്പീൽ പരിശോധിക്കുന്നതിനായി നടത്തിയ കൂടിക്കാഴ്ചയിൽ സമർപ്പിച്ച വാദഗതികൾ പരിശോധിച്ചതിൽ 2019-20 വർഷത്തിൽ 403 വിദ്യാർത്ഥികളാണ് സ്കൂളിൽ റോളിലുണ്ടായിരുന്നതെന്നും സൂപ്പർ ചെക്ക് സെല്ലിന്റെ ആദ്യ സന്ദർശന ദിവസം 53 വിദ്യാർത്ഥികൾ ഹാജരില്ലായിരുന്നെന്നും ആറാമത്തെ പ്രവൃത്തി ദിവസത്തിനു ശേഷം 6 വിദ്യാർത്ഥികളെ റോളിൽ നിന്ന് നീക്കം ചെയ്തതും സൂപ്പർ ചെക്ക് സെല്ലിന്റെ രണ്ടാം സന്ദർശന ദിവസവും 4 വിദ്യാർത്ഥികൾ ഹാജരില്ലായിരുന്നതും ചേർത്ത് മൊത്തം 10 വിദ്യാർത്ഥികളെയാണ് സൂപ്പർ ചെക്ക് സെൽ പരിശോധനയിൽ കൃത്രിമ അഡ്മിഷനായി കണ്ടെത്തിയിട്ടുള്ളത്. ആറാമത്തെ പ്രവൃത്തി ദിവസത്തിനു ശേഷം വിടുതൽ നേടിയ 6 വിദ്യാർത്ഥികളിൽ 4 പേർക്ക് മറ്റ് സ്കൂളുകളിലേക്ക് ടി സി നൽകിയതാണെന്നും സൂപ്പർ ചെക്ക് പരിശോധനയിൽ 2 ദിവസവും ഹാജരില്ലാത്ത മുഹമ്മദ് തസീൻ കെ. എന്ന വിദ്യാർത്ഥി പ്രത്യേക

പരിഗണനാവിഭാഗത്തിൽപ്പെട്ട കുട്ടിയാണെന്നും ആയതിനാൽ മറ്റ് കുട്ടികളെപ്പോലെ ക്ലാസ്സിൽ ഹാജരാകാൻ കഴിയാറില്ലെന്നും പ്രധാനാധ്യാപിക അറിയിച്ചിരുന്നെന്നും അതോടൊപ്പം സ്കൂളിൽ അധികമായി അനുവദിച്ച ഒന്നാം ക്ലാസ്സിലെ ഒരു ഡിവിഷൻ കുറയ്ക്കുന്നതിന് പരിപൂർണ്ണസമ്മതമാണെന്നും പ്രധാനാദ്ധ്യാപിക വാദം കേൾക്കലിൽ അറിയിച്ചിരുന്നെന്നും കൂടാതെ സ്കൂളിൽ പുതുതായി ഉണ്ടാക്കിയ തസ്തികയിൽ നിയമനമൊന്നും നടത്തിയിട്ടില്ലെന്നും ഒന്നാം ക്ലാസ്സിൽ റോളിൽ 60 വിദ്യാർത്ഥികൾ മാത്രമേ ഉള്ളുവെന്ന് ഒറ്റപ്പാലം ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ വാദം കേൾക്കലിൽ അറിയിച്ചതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സൂപ്പർ ചെക്ക് സെൽ കൃത്രിമ അഡ്മിഷനായി കണ്ടെത്തിയ 10 വിദ്യാർത്ഥികളും യഥാർത്ഥത്തിലുള്ളതാണെന്ന് തെളിയിക്കുന്ന രേഖകളൊന്നും തന്നെ മറുപടിക്കത്തിനോടൊപ്പമോ, വാദം കേൾക്കലിലോ സ്കൂൾ അധികൃതർ ഹാജരാക്കിയിരുന്നില്ലെന്നും ആയതിനാൽ ടി 10 കൃത്രിമ അഡ്മിഷനുകൾ ഒഴിവാക്കിക്കൊണ്ട് സ്കൂളിന്റെ 2019-20 വർഷത്തെ തസ്തിക നിർണ്ണയം 4/2/2021-നുള്ള എസ്/സി 54/2020/കെ.കെ.ഡി നമ്പർ ഉത്തരവിലൂടെ പൊതുവിദ്യാഭ്യാസ ഡയറക്ടർ പുനർനിർണ്ണയിച്ചുകൊണ്ട് ഉത്തരവാകുകയുണ്ടായെന്നും അതനുസരിച്ച് ഒന്നാം ക്ലാസ്സിൽ ഒരു ഡിവിഷനും ഒരു എൽ.പി.എസ്.ടി തസ്തികയും പൊതു വിദ്യാഭ്യാസ ഡയറക്ടർ റദ്ദാക്കുകയും എൽ.പി.എസ്.ടി തസ്തികയിൽ ആരെങ്കിലും ജോലി ചെയ്യുന്നുണ്ടെങ്കിൽ തസ്തിക പുനർനിർണ്ണയം നടത്തി അവരെ സർവ്വീസിൽ നിന്നും ഒഴിവാക്കാനായി ഒറ്റപ്പാലം ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുകയുണ്ടായെന്നും അതോടൊപ്പം സ്കൂളിൽ കൃത്രിമ അഡ്മിഷൻ സൃഷ്ടിക്കപ്പെട്ട വകയിൽ സർക്കാരിനുണ്ടായ സാമ്പത്തിക ബാധ്യത, (ശമ്പളം, ഉച്ചഭക്ഷണപരിപാടി, സൗജന്യ അരി, യൂണിഫോം, ടെക്സ്റ്റ് ബുക്ക്, സ്കോളർഷിപ്പ് തുടങ്ങിയ ഇനത്തിൽ ) അച്ചടക്കനടപടിയുടെ ഭാഗമായി പ്രധാനാധ്യാപികയിൽ നിന്നും ക്ലാസ്സദ്ധ്യാപകരിൽ നിന്നും ഈടാക്കാൻ ഒറ്റപ്പാലം എ.ഇ.ഒ-യ്ക്കും പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്കും പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകുകയുണ്ടായെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം പരാമർശം 2 റിപ്പോർട്ടിന്റെ വെളിച്ചത്തിൽ വിശദമായി പരിശോധിച്ചു. സൂപ്പർ ചെക്ക് സെൽ കൃത്രിമ അഡ്മിഷനായി കണ്ടെത്തിയ 10 വിദ്യാർത്ഥികളും യഥാർത്ഥത്തിലുള്ളതാണെന്ന് തെളിയിക്കുന്ന രേഖകളൊന്നും തന്നെ പൊതു വിദ്യാഭ്യാസ ഡയറക്ടർ വാദം കേട്ട സമയത്ത് സ്കൂൾ അധികൃതർ ഹാജരാക്കിയിരുന്നില്ലാത്തിനാൽ തന്നെ അധിക ഡിവിഷൻ അനുവദിയ്ക്കാൻ വേണ്ടി ബോധപൂർവ്വം സ്കൂൾ അധികൃതർ ടി കൃത്രിമ അഡ്മിഷനുകൾ ചേർത്തിട്ടുണ്ട്. ആയതിനാൽ തന്നെയാണ് സ്കൂളിൽ അധികമായി അനുവദിച്ച ഒന്നാം ക്ലാസ്സിലെ ഒരു ഡിവിഷൻ കുറയ്ക്കുന്നതിന് പരിപൂർണ്ണസമ്മതമാണെന്ന് പ്രധാനാദ്ധ്യാപിക വാദം കേൾക്കലിൽ അറിയിച്ചതും. മേൽ കാരണങ്ങളാൽ പ്രധാനാദ്ധ്യാപിക പരാമർശം 1 പ്രകാരം സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി പരിഗണനാർഹമല്ലാത്തിനാൽ ആയത് നിരസിച്ച് തീർപ്പാക്കിയും ടി കൃത്രിമ അഡ്മിഷൻ മൂലം സർക്കാരിനുണ്ടായ സാമ്പത്തിക ബാധ്യതയ്ക്ക്, (ശമ്പളം, ഉച്ചഭക്ഷണപരിപാടി, സൗജന്യ അരി, യൂണിഫോം, ടെക്സ്റ്റ് ബുക്ക്, സ്കോളർഷിപ്പ് തുടങ്ങിയ ഇനത്തിൽ ) ടി പ്രധാനാധ്യാപിക, അധിക ഡിവിഷനിൽ നിയമനം കിട്ടിയ അദ്ധ്യാപിക ,സ്കൂൾ മാനേജർ എന്നിവർ ഉത്തരവാദികളായതിനാൽ ടി തുക കണക്കാക്കി ടിയാളുകളുടെ തുല്യ ബാധ്യതയായി നിശ്ചയിച്ച് ടിയാളുകൾക്കെതിരെ അച്ചടക്കനടപടി സ്വീകരിച്ച് തിരിച്ച് പിടിയ്ക്കാൻ പാലക്കാട് വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRIYA V K
അണ്ടർ സെക്രട്ടറി

പകർപ്പ്:-

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
സൂപ്പർ ചെക്ക് ഓഫീസർ, സൂപ്പർ ചെക്ക് സെൽ ,
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
വിദ്യാഭ്യാസ ഉപ ഡയറക്ടർ, പാലക്കാട്
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം, പാലക്കാട് ജില്ല.

മാനേജർ, എം എസ്സ് വി എം യു പി. സ്കൂൾ, ചുനങ്ങാട്, പാലക്കാട്.
പ്രഥമാദ്ധ്യാപിക, എം എസ്സ് വി എം യു പി. സ്കൂൾ, ചുനങ്ങാട്, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ